<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3201**</u> <u>**26-06-2024 - ൽ മറുപടിയ്ക്ക്**</u>

<u>**വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ ഡി കെ മുരളി</th><th colspan="2">ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>നിലവിലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുവേണ്ടി ചെലവാക്കിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ;</td><td>(എ)</td><td>നിലവിലെ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ പറയുന്നവയാണ്.
<table>
<tr><th>ക്രമ നം.</th><th>പ്രവൃത്തി</th><th>പാലങ്ങളുടെ പേര്</th><th>ചെലവാക്കിയ തുക</th></tr>
<tr><td>1.</td><td rowspan="3">മണ്ണ് പരിശോധനയും സ്ഥല സർവ്വേയും</td><td>ജവഹർ കോളനി പാലം</td><td>1,05,895/-</td></tr>
<tr><td>2.</td><td>വെള്ളയം ദേശം പാലം</td><td>1,08,181/-</td></tr>
<tr><td>3.</td><td>നീറമൺകടവ് പാലം</td><td>1,91,606/-</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ബലക്ഷയമുള്ളതോ പുതുക്കിപണിയേണ്ടതോ ആയ പാലങ്ങൾ മണ്ഡലത്തിലുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>വാമനപുരം മണ്ഡലത്തിൽ ബലക്ഷയമുള്ളതോ, പുതുക്കിപ്പണിയേണ്ടതോ ആയ പാലങ്ങൾ ഒന്നും തന്നെയില്ല.</td></tr>
<tr><td>(സി)</td><td>പ്രസ്തുത മണ്ഡലത്തിലെ പാങ്ങോട് പഞ്ചായത്തിലെ ജവഹർകോളനി പാലം, വെള്ളയംദേശം പാലം, പുല്ലമ്പാറ പഞ്ചായത്തിലെ നീറമൺകടവ് പാലം എന്നിവ നിർമ്മിക്കാൻ തയ്യാറാക്കിയ ഡി.പി.ആറിന്റെയും എസ്റ്റിമേറ്റിന്റേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?</td><td>(സി)</td><td>മേൽ പരാമർശിത പാലങ്ങൾ മൂന്നും രൂപകൽപ്പന നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തെ ഏൽപ്പിച്ചിരിക്കുന്നു. രൂപകൽപ്പന ലഭിച്ചാലുടൻ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ